പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2264 | 8.07.2015- ൽ മറുപടി നല്കേണ്ടത്. |

**വിഷലിപ്തമായ ഭക്ഷണ പാനീയങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.രാജേന്ദ്രൻ** | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | വിപണനംചെയ്യുന്ന ഭക്ഷണ പാനീയങ്ങളിൽ വ്യാപകമായ തരത്തിൽ മായം ചേരുന്നതായും, കീടനാശിനികൾ അമിതമായി ഉപയോഗിക്കപ്പെടുന്നവയുമാണെന്ന വസ്തുത ഗൗരവ മായി കാണുന്നുണ്ടോ; | എ) | കാണുന്നുണ്ട്. |
| ബി) | എങ്കിൽ ഇവ കണ്ടെത്തുന്നതിനും, തടയുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാ ണ്; | ബി) | അന്യസംസ്ഥാനത്ത് നിന്ന് കൊണ്ടുവരുന്നതുൾപ്പെടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന എല്ലാ ഭക്ഷണ സാധനങ്ങളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും നിശ്ചിതഗുണനിലവാരമില്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്ന ഉൽപന്നങ്ങൾ കച്ചവടം നടത്തുന്നവർക്കെതിരേയും ഉൽപാദിപ്പിക്കുന്നവർക്കെതിരേയും വിതരണം നടത്തുന്നവർക്കെതിരേയും 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമവും അനുബന്ധച്ചട്ടങ്ങൾ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.. |
| സി) | ഇതുസംബന്ധമായിജനങ്ങളിൽ ബോധ വൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജനങ്ങളുടെ പങ്കാളിത്തത്തോടെ പരിഹാര | സി) | സംസ്ഥാന വ്യാപകമായി ഇതുസംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിനായി വ്യാപാരികൾക്കും പൊതുജനങ്ങൾക്കുമായി ഇതിനകം 3000 ത്തിൽ അധികം ക്ലാസ്സുകൾ |

| | | | |
|---|---|---|---|
| | മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | | ഭക്ഷ്യസുരക്ഷാവകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി കൂടുതൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സുരക്ഷിതഭക്ഷണത്തെക്കുറിച്ച് മിഷൻ 676 -ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാവകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സുരക്ഷിതഭക്ഷണം ആരോഗ്യത്തിനാധാരം പദ്ധതി.' ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ജംഗ്ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണപദാർത്ഥങ്ങൾ, ലഹരിവസ്തുക്കളായ ഗുഡ്ക പാൻമസാല എന്നിവയെ കുറിച്ചുള്ള ദൂഷ്യവശങ്ങളെപ്പറ്റി പരിശീലനം ഇതിനകം നൽകികഴിഞ്ഞു. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതാതു സ്കൂളുകളിലെ മറ്റു കുട്ടികൾക്ക് പരിശീലനം നൽകുന്നതാണ്. ടി പരിപാടി ഈ വർഷം മറ്റു സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യം പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ